# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 706.** **16/07/2012 - ൽ മറുപടിക്ക്**

### പ്ലസ് വൺ അഡ്മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: കെ.കുഞ്ഞുരാമൻ (തൃക്കരിപ്പൂർ):<br>ശ്രീ: റ്റി.വി.രാജേഷ് :<br>ശ്രീമതി. കെ.കെ. ലതിക:<br>ശ്രീ. വി.ശിവൻകുട്ടി : | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വിദ്യാഭ്യാസ വർഷത്തെ പ്ലസ് വൺ അഡ്മിഷൻ പൂർത്തിയായോ; എത്ര ഘട്ടങ്ങളായിട്ടാണ് ഇത് പൂർത്തിയാക്കിയത്; | (എ) 2012-13 അദ്ധ്യയനവർഷത്തെ പ്ലസ് വൺ അഡ്മിഷൻ പൂർത്തിയായിട്ടില്ല. ഏകജാലക സംവിധാനത്തിലൂടെയാണ് മെറിറ്റ് സീറ്റുകളിൽ പ്ലസ് വൺ അഡ്മിഷൻ നടത്തുന്നത്. ഇത് വരെ രണ്ട് പ്രധാന അലോട്ടുമെന്റുകൾ നടത്തുകയുണ്ടായി. ഇതുവഴി 88% മെറിറ്റ് സീറ്റുകളിൽ അഡ്മിഷൻ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) അപേക്ഷിച്ചവരിൽ എത്ര ശതമാനത്തിന് അഡ്മിഷൻ നേടാനായിട്ടുണ്ട്; | (ബി) സംസ്ഥാനത്തൊട്ടാകെ ആകെ പ്ലസ് വൺ അപേക്ഷകർ 4,77,760 (നാലു ലക്ഷത്തി എഴുപത്തിയേഴായിരത്തി എഴുന്നൂറ്റി അറുപതു മാത്രം)ആയിരുന്നു. ടി അപേക്ഷകരിൽ യോഗ്യതാ പരീക്ഷയിൽ ഉയർന്ന ഗ്രേഡുകൾ നേടിയ 46.79% (അതായത് 2,23,546(രണ്ടുലക്ഷത്തി ഇരുപത്തിമൂവായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി ആറുമാത്രം)വിദ്യാർത്ഥികൾ ആദ്യ രണ്ട് പ്രധാന അലോട്ടുമെന്റുകൾ വഴി മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടി. |

| | | | |
|---|---|---|---|
| (സി) | മാനേജ്മെന്റ് ക്വാട്ട എത്ര ശതമാനമാണ്; അതനുസരിച്ച് എത്ര പേർക്ക് അഡ്മിഷൻ ലഭിക്കും; | (സി) | എയ്ഡഡ് സ്കൂളുകളിലാണ് മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾ നിലവിലുള്ളത്.<br>ന്യൂനപക്ഷ/പിന്നാക്ക സമുദായ ഇതര എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ 30 ശതമാനവും ന്യൂനപക്ഷ/പിന്നാക്ക സമുദായ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ മാനേജ്മെന്റ് ക്വാട്ടയും കമ്മ്യൂണിറ്റി ക്വാട്ടയും 20 ശതമാനവും വീതമാണ്. ഇതനുസരിച്ച് 54,435(അമ്പത്തി നാലായിരത്തി നാനൂറ്റി മുപ്പത്തി അഞ്ചുമാത്രം) വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്ലസ് വൺ അഡ്മിഷൻ ലഭിക്കും. |
| (ഡി) | ഉന്നത വിദ്യാഭ്യാസത്തിന് അവസരം കിട്ടാത്തവർക്കായി എന്തെങ്കിലും പരിഹാരം കാണാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്.<br>04/04/12 ലെ ജി.ഒ (ആർ.റ്റി) 1615/12/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ, അപേക്ഷിക്കുന്നമുറയ്ക്ക് 20% മാർജിനൽ വർദ്ധനവ് എല്ലാ ബാച്ചുകൾക്കും അനുവദിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br>മേൽ 20% സീറ്റ് വർദ്ധനവ് സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കന്ററി ബാച്ചുകൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി ബാച്ചുകൾക്കും ബാധകമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.